**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 754** — **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസുകളുടെ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന്റെ എല്ലാ സെക്ഷൻ ഓഫീസുകളും സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; സ്വന്തമായി കെട്ടിടം ഇല്ലാത്ത സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നത് പരിഗണനയിലുണ്ടോ; | (എ) | അല്ല. കെ.എസ്.ഇ.ബി.എൽ-ലെ ചെലവു ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെ തുടർന്ന് പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31.03.2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നേരത്തെ ഭരണാനുമതി ലഭിച്ച സെക്ഷൻ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ട്; പ്രസ്തുത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ മുളക്കുഴ, കല്ലിശ്ശേരി, ചെന്നിത്തല, വെൺമണി എന്നീ സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല. മേൽ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അതാത് ഗ്രാമ പഞ്ചായത്ത് ഭരണാധികാരികൾക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ